(Pages : 2) **D – 5113**

Reg. No. : ...................................

Name : ...................................

## First Semester B.A. Degree Examination, February 2018
## Career Related First Degree Programme Under CBCSS
## MALAYALAM AND MASS COMMUNICATION
## Core Course – I
## MX 1141 : കേരളസംസ്കാരം – ഭാഗം – I
## (2014 Admission Onwards)

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **ഒരു** വാക്യത്തിലോ ഉത്തരം എഴുതുക.

1) ആരാണ് 'പ്രച്ഛന്നബുദ്ധൻ' എന്ന് അറിയപ്പെട്ടത് ?

2) എന്താണ് യവന പ്രിയ ?

3) കാലവർഷക്കാറ്റുകളുടെ ഗതി കണ്ടുപിടിച്ചതാര് ?

4) സംഘകാലത്ത് യുദ്ധദേവതയായി ആരാധിച്ചിരുന്നതാരെ ?

5) കേരളത്തിലെ ആദ്യത്തെ മുസ്ലിംപള്ളി സ്ഥാപിതമായത് എവിടെ ?

6) കാളിദാസന്റെ ഏതു കൃതിയിലാണ് കേരളത്തെപ്പറ്റി പരാമർശമുള്ളത് ?

7) പെരുമാൾ തിരുമൊഴിയുടെ കർത്താവാര് ?

8) തെയ്യം എന്ന വാക്കിന്റെ അർത്ഥമെന്ത് ?

9) ആരാണ് കോയിലധികാരികൾ ?

10) 1893 -ലെ ചിക്കാഗോ മതമഹാസമ്മേളനത്തിൽ ശ്രദ്ധേയനായ ഇന്ത്യാക്കാരൻ ആരായിരുന്നു ?

**(10×1=10 മാർക്ക്)**

II. ഏതെങ്കിലും **എട്ടു** ചോദ്യത്തിന് **ഒരു** ഖണ്ഡികയിൽ കവിയാതെ ഉത്തരം എഴുതുക.

11) എന്താണ് ഗ്രന്ഥവരികൾ ?

12) ഐന്തിണകൾ ഏവ ?

13) എടയ്ക്കൽ ഗുഹയുടെ പ്രത്യേകതകൾ എന്തെല്ലാം ?

14) എന്താണ് തരിസാപ്പള്ളി ശാസനം ?

15) എന്താണ് നടുകൾ ?

16) മടലേറൽ എന്നാലെന്ത് ?

17) ശാസ്താവ് ബുദ്ധന്റെ പരിഷ്ക്കൃത രൂപമാണെന്നു പറയാൻ കാരണമെന്ത് ?

18) കേരളസംസ്കാരം ഒരു സങ്കലിത സംസ്കാരമാണെന്നു പറയുന്നതെന്തുകൊണ്ട് ?

19) കേരളത്തിലെ ജൈനകേന്ദ്രങ്ങളെപ്പറ്റി ഒരു കുറിപ്പെഴുതുക.

20) കേരളവും ചൈനയുമായുള്ള വ്യാപാരബന്ധത്തിന്റെ തെളിവുകൾ എന്തെല്ലാം ?

21) എന്താണ് കർപ്പും കളവും ?

22) എന്താണ് രേവതിപട്ടത്താനം ? **(8×2=16 മാർക്ക്)**

III. **ഓരോന്നും 120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

23) സംഘകാല കൃതികളെപ്പറ്റി ഒരു കുറിപ്പെഴുതുക.

24) ദേവദാസി സമ്പ്രദായം എന്താണ് ?

25) ജന്മിവ്യവസ്ഥയുടെ പ്രധാന സ്വഭാവം കർഷക ദ്രോഹമായിരുന്നു – ശരിയോ ?

26) ഇസ്ലാം മതം കേരളത്തിനു നൽകിയ സംഭാവനകൾ എന്തെല്ലാം ?

27) ചേരഭരണകാലത്തെ നികുതികൾ ഏവ ?

28) കേരളത്തിന്റെ വളർച്ചയിലും സാംസ്കാരിക വികാസത്തിലും നദികൾ വഹിച്ച പങ്കെന്ത് ?

29) കേരളത്തിലെ പഴയ തുറമുഖങ്ങളെപ്പറ്റി കുറിപ്പെഴുതുക.

30) കഥകളിയുടെ ചടങ്ങുകളും രീതികളും വിവരിക്കുക.

31) എന്താണ് മരുമക്കത്തായം ? **(6×4=24 മാർക്ക്)**

IV. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് **മൂന്നു** പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

32) സംഘകാലത്തെ ജീവിതവും സംസ്ക്കാരവും വിവരിക്കുക.

33) വിദേശ ബന്ധങ്ങളിലൂടെ ലഭിച്ച സംഭാവനകൾ വിശദമാക്കുക.

34) ലോക ദാർശനിക ചരിത്രത്തിൽ ഉയർന്നു നിൽക്കുന്ന ഒരു കൊടുമുടിയാണ് ശങ്കരാചാര്യൻ – വിശദമാക്കുക.

35) കേരളം – സഹിഷ്ണതയുടെയും സൗഹാർദ്ദത്തിന്റെയും ഉത്തമ ഉദാഹരണമാണ് – ശരിയോ ? **(2×15=30 മാർക്ക്)**